ധനകാര്യവും റവന്യൂവുംവകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) അഴീക്കോട് എന്ന സ്ഥലത്തു ൧൧ വേനങ്ങളും എടവിലങ്ങു എന്ന സ്ഥലത്തു ൧൦ വേനങ്ങളും നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ സ്പെഷ്യൽ ആഫീസർ സമർപ്പിച്ചിട്ടുണ്ട്.

(ബി) ആവശ്യമുള്ള സ്ഥലങ്ങൾ പൊന്നും വിലയ്ക്കു ഏറ്റെടുത്തതിനു ശേഷം വേല തുടങ്ങുന്നതായിരിക്കും.

പരസ്യങ്ങൾക്കായി ചെലവാക്കിയ സംഖ്യ

*൨൦. (നു ൧) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മന്ത്രി സഭയെ മറുപടി നൽകുമോ.—

(എ) ൧൯൫൭ ജനുവരി ൧ മുതൽ ആഗസ്റ്റ് ൩൧ വരെ പരസ്യങ്ങൾക്കായി ഗവൺമെണ്ടു ചെലവാക്കിയ ആകെ സംഖ്യ എത്ര;

(ബ) ഏതെല്ലാം പത്രങ്ങൾക്കാണു ഗവൺമെണ്ടു പരസ്യങ്ങൾ കൊടുത്തിട്ടുള്ളതു;

(സി) ഓരോ പത്രത്തിനും അനുവദിച്ചു ശരാശരി പരസ്യനിരക്കെന്തു; പരസ്യങ്ങൾക്കായി ഓരോ പത്രത്തിനും ആകെ നൽകിയ സംഖ്യ എത്ര;

(ഡി) മൻപു പരസ്യങ്ങൾ നൽകിയിരുന്ന ഏതെല്ലാം പത്രങ്ങൾക്കു ഈ കാലയളവിൽ പരസ്യങ്ങൾ കൊടുത്തുകൂടെന്നു ഗവൺമെണ്ടു തീരുമാനിക്കുകയുണ്ടായി?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഡിപ്പാർട്ട്മെൻറ് ആഫീസും മേലദ്ധ്യന്മാർ അവരുടെ പരസ്യങ്ങൾ പബ്ലിക്ക് റിലേഷൻസ് ഡയറക്ടർ മുഖേന പത്രങ്ങൾക്കു വിതരണം ചെയ്യുന്നുവെങ്കിലും പരസ്യക്രമത്തിനു ഡിപ്പാർട്ടുമെണ്ടു മേലദ്ധ്യക്ഷന്മാർ പത്രങ്ങൾക്കു നേരിട്ടു തന്നെ കൊടുക്കുന്നു. അതുകൊണ്ടു ചോദിച്ചിട്ടുള്ള വിവരം ശേഖരിക്കാൻ ഏറെ സമയം പിടിക്കും.

(ബി) താഴെപറയുന്ന പത്രങ്ങൾക്കു ഗവൺമെണ്ടു പരസ്യങ്ങൾ നൽകപ്പെട്ടുവരുന്നു.

(൧)	കേരളകൌമുദി	തിരുവനന്തപുരം.
(൨)	ഭാരതകേസരി	,,
(൩)	ശ്രീചിത്രയുഗം	,,
(൪)	നവഭാരതം	,,
(൫)	മലയാളി	,,
(൬)	വഞ്ചിഭൂമി	,,
(൭)	ഭാരതി	,,
(൮)	ത്യാഗനാടു്	നാഗർകോവിൽ
(൯)	പ്രഭാതം	കൊല്ലം
(൧൦)	മലയാളരാജ്യം	,,
(൧൧)	പൌരപ്രഭ	,,
(൧൨)	ദീപിക	കൊട്ടയം
(൧൩)	പൌരധ്വനി	,,
(൧൪)	മലയാളമനോരമ	,,
(൧൫)	ദേശബന്ധു	,,
(൧൬)	കേരളക്ഷേണം	,,

LIBRARY ARCHIVES Kerala Legislative Assembly

(ഫ ഭ) ദീനബന്ധു എറണാകുളം
(ഫ വ) പൌരനീതി ,,
(ഫ ൻ) എക്സ്പ്രസ്സ് തൃശ്ശൂർ
(ഫ ം) ദീപം എറണാകുളം

(സി) ഓരോ പത്രത്തിനും അതാതു പത്രം നിശ്ചയിച്ചിട്ടുള്ള നിരക്കനുസരിച്ച് പരസ്യക്കൂലി കൊടുക്കപ്പെട്ടവരുന്നു. ഒന്നാം ചോദ്യത്തിനുള്ള ഉത്തരംകൊണ്ട് ഈ ഉപചോദ്യം ഉദിക്കുന്നില്ല.

(ഡി) മലബാർമെയിൽ, കേരളം.

മി. മാത്യു മുരിക്കൻ

*ഫ ഫ. (ന ഫ) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഹൈക്കോടതി ജഡ്ജിയായിരുന്ന മി. മാത്യുമുരിക്കനെ ജുഡീഷ്യൽ സർവ്വീസിൽനിന്നും പിരിച്ചുവിട്ടത് എന്നാണ്;

(ബി) അദ്ദേഹത്തെ പിരിച്ചു വിടുന്നതിനുണ്ടായ കാരണമെന്താണ്;

(സി) മി. മുരിക്കനു വല്ലതെങ്കിലും നഷ്ടപരിഹാരം നൽകാമെന്നു് ഗവ ൺമെണ്ട് ഉറപ്പുകൊടുത്തിട്ടുണ്ടോ;

(ഡി) നഷ്ടപരിഹാരസംഖ്യ എന്താണ്; എന്നാണ് അതു കൊടുത്തത്?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഫ ൪—ഫ—ഫ ൻ൪ ം.

(ബി) കാരണങ്ങൾ പറയുന്നതു പൊതു താല്പര്യങ്ങൾക്കു വിരുദ്ധമായിരിക്കും.

(സി) ഉവ്വ്.

(ഡി) ഫ ം, വ ം ൻ—ൻ—ഫ (ആദായനികുതിക്ക് വിധേയമായി) ഈ സംഖ്യ കൊടുത്തിട്ടില്ല. കൊടുക്കുന്നതിനു് ഉത്തരവു് കൊടുത്തിട്ടുണ്ട്.

RENTED OFFICE BUILDINGS

***22. (64) Sri. Eapen Arakkal:** Will the Hon'ble Chief Minister be pleased to answer the following:—

(*a*) what is the total amount spent for paying rents of buildings if any in which public offices are housed in the towns of Alleppey, Quilon, Kottayam and Nagercoil; and

(*b*) are there buildings rented in Trivandrum for the purpose of holding Public Offices?

Chief Minister **(Sri. T. K. Narayana Pillai):**

(*a*) About Rs. 11,000.

(*b*) Yes.

SCHEDULED CLASSES

***23. (65) Sri. Eapen Arakkal:** Will the Hon'ble the Chief Minister be pleased to answer the following questions:—

(*a*) what all communities are classified as scheduled classes for the purposes of getting reservation in the Legislature in the next general elections; and

(*b*) have any instructions been received from the Central Government with respect to the question of fixing up the communities which may be entitled to reservation in the coming elections to the Legislature?

LIBRARY ARCHIVES Kerala Legislative Assembly